**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5146** — **11-08-2021 - ൽ മറുപടിയ്ക്ക്**

**ബിവറേജസ് ഔട്ട്ലെറ്റുകളിലെ എക്സൈസ് ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ബിവറേജസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകളിലെ തിരക്ക് നിയന്ത്രിക്കാൻ എക്സൈസ് വകുപ്പിൽ നിന്നും ജീവനക്കാരെ നിയോഗിക്കാൻ പ്രത്യേക തീരുമാനമെടുത്തിരുന്നോ; എങ്കിൽ എന്നുമുതലാണ് ഈ തീരുമാനം പ്രാബല്യത്തിൽ വന്നതെന്നും എത്ര ഉദ്യോഗസ്ഥരെയാണ് ഇത്തരത്തിൽ നിയോഗിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ; | (എ) | തീരുമാനം എടുത്തിരുന്നു. 02/07/2021 മുതൽ സംസ്ഥാനത്തെ FL-1 വിദേശമദ്യ ചില്ലറ വില്പന ശാലകളിൽ എക്സൈസ് ഉദ്യോഗസ്ഥരെ തിരക്ക് നിയന്ത്രിക്കുന്നതിനായി നിയോഗിച്ചിട്ടുള്ളതാണ്. |
| (ബി) | ഇത്തരത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | എക്സൈസ് വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലാണ് FL-1വിദേശമദ്യ ചില്ലറവില്പനശാലകളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളത്. |
| (സി) | ബാറുകൾ തുറക്കുന്ന സാഹചര്യത്തിൽ ബിവറേജസ് ഔട്ട്‌ലെറ്റുകളിൽ തിരക്ക് കുറയും എന്നതിനാൽ ഇവരെ തിരികെ ഡ്യൂട്ടിയിൽ പ്രവേശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ചില്ലറ വിൽപ്പന ശാലകളിലെ തിരക്ക് പൂർണ്ണമായും ഒഴിവായി കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് മദ്യം വിതരണം ചെയ്യുവാനുള്ള സാഹചര്യം ഉണ്ടാകുന്ന മുറക്ക് FL-1 വിദേശമദ്യ ചില്ലറ വിൽപ്പന ശാലകളിലെ തിരക്ക് നിയന്ത്രിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ച നടപടി പുന:പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ